**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1230** **07-12-2022 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി**<br>**(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി ഗുണമേന്മയുള്ള കോഴികൾക്കും മുട്ടകൾക്കുമായി കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ? | (എ) | മുട്ടക്കോഴികളുടെയും, കോഴിമുട്ടയുടെയും ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ആവിഷ്കരിച്ച നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>ഗുണമേന്മയേറിയ കോഴികളുടെയും, മുട്ടകളുടെയും ഉൽപ്പാദനത്തിനായി കെപ്കോ കേരളത്തിലെ കാലാവസ്ഥയ്ക്ക് ഇണങ്ങുന്നതും, രോഗ പ്രതിരോധ ശേഷി താരതമ്യേന കൂടുതലുള്ളതും വർഷത്തിൽ 300 മുട്ടകൾ വരെ നൽകാൻ പ്രാപ്തിയുള്ള ബി.വി-380 എന്ന മേൽത്തരം ഇനത്തിൽപ്പെട്ട കോഴികളെ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. ഗ്രാമപ്രിയ ഇനത്തിൽപ്പെട്ട കോഴികൾക്ക് പുറമെ മുട്ടയിടാൻ പ്രായമായ ബി.വി-380 ഇനത്തിൽപ്പെട്ട കോഴികളെയും വിവിധ പദ്ധതികളിലൂടെ കെപ്കോ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കെപ്കോ നടപ്പാക്കിയ പദ്ധതിയിലൂടെ മാത്രം, കഴിഞ്ഞ ആറ് വർഷത്തിനുള്ളിൽ ഏകദേശം 80 കോടിയുടെ അധിക ഉൽപ്പാദനം മുട്ടയുടെ ആഭ്യന്തര ഉൽപ്പാദനത്തിൽ വരുത്താൻ സാധിച്ചിട്ടുണ്ട്.<br><br>**<u>അനുബന്ധം</u>**<br><br>**കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ** |

| ക്രമ നം | പദ്ധതിയുടെ പേര് | പദ്ധതിയുടെ വിശദാംശങ്ങൾ |
|---|---|---|
| 1 | **പട്ടിക വർഗ്ഗവിഭാഗത്തിൽ പ്പെട്ടവർക്കുള്ള കോഴി വളർത്തൽ പദ്ധതി** | തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് 100 കോഴിയും, 100 കോഴികളെ പാർപ്പിക്കാൻ പര്യാപ്തമായ ഒരു കൂടും, തീറ്റയും ആണ് ആനുകൂല്യങ്ങൾ. |
| 2 | **കെപ്കോ ആശ്രയ** | തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ വിധവകൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ഒരു ഗുണഭോക്താവിന് 10 കോഴികൾ, 3 കിലോതീറ്റ, മരുന്ന് എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നു |

| | | |
|---|---|---|
| 3 | **കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്** | സംസ്ഥാനത്തെ ഗവണ്മെന്റ് / എയ്ഡഡ് സ്കൂളിലെ യു.പി വിഭാഗത്തിൽപ്പെട്ട 6,7 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കും ഹൈസ്കൂൾ വിഭാഗത്തിൽപ്പെട്ട 8,9 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കും 5 കോഴിയും, 1 കിലോ തീറ്റ, മരുന്ന് എന്നിവ വിതരണം ചെയ്യുന്നു. |
| 4 | **100 കോഴിയും, കൂടും പദ്ധതി (ബ്ലോക്ക് പഞ്ചായത്ത് തല പദ്ധതി)** | സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകളിലെ ജെ.എൽ.ജി ഗ്രൂപ്പുകളിൽ അംഗമായിട്ടുള്ള ഗുണഭോക്താവിന് 120 ദിവസം പ്രായമായ ബി.വി-380 ഇനത്തിൽപ്പെട്ട 100 കോഴിയും, 100 കോഴികളെ പാർപ്പിക്കാനുള്ള ഒരു ഹൈടെക് കൂടും ആണ് നൽകുന്നത്. ഗുണഭോക്തൃ വിഹിതം 5000/-രൂപ മാത്രം |
| 5 | **കെപ്കോ വനിതാമിത്രം** | സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ കുടുംബശ്രീ യുണിറ്റുകളിൽ നിന്നും 1000 വനിതാ ഗുണഭോക്താക്കൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ഒരു ഗുണഭോക്താവിന് 10 കോഴി, 3 കിലോതീറ്റ, മരുന്ന് എന്നിവയാണ് നൽകുന്നത്. ഗുണഭോക്തൃ വിഹിതം 250/-രൂപ മാത്രം |

സെക്ഷൻ ഓഫീസർ